# എച്ച്. എസ് ഫോർ ബോയ്സ് തേവലക്കര



കൊല്ലം

ചവറ

എച്ച്. എസ് ഫോർ ബോയ്സ് തേവലക്കര

# ലിറ്റിൽ സ്പാർക്ക്

ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികൾ നിർമ്മിച്ച മാഗസിൻ



# സന്ദേശം

തേവലക്കര ബോയ്സ് ഹൈസ്കൂളിലെ ലിറ്റിൽ കൈറ്റ്സ് കൂട്ടായ്മയുടെ നേതൃത്വത്തിൽ രചനകൾ സമാഹരിച്ച് ഡിജിറ്റൽ മാഗസിൻ തയ്യാറാക്കിയതിലുള്ള സന്തോഷം രേഖപ്പെടുത്തുന്നു . ലിറ്റിൽ കൈറ്റ്സ് കൂട്ടായ്മയുടെ നല്ല രീതിയിലുള്ള പ്രവർത്തനങ്ങൾക്കും തുടർന്നുള്ള വളർച്ചക്കും എന്റെ അനുഗ്രഹാശംസകൾ .

സ്നേഹത്തോടെ ,
സുജ . എസ്
ഹെഡ്മിസ്ട്രസ്



# ആശംസകൾ

കേരളത്തിലെ പൊതുവിദ്യാലയങ്ങളിൽ നടപ്പാക്കി വരുന്ന ഐടി കൂട്ടായ്മ ആയ ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് തേവലക്കര ബോയ്സ് ഹൈസ്കൂളിൽ "ലിറ്റിൽ സ്പാർക്ക് " എന്ന പേരിൽ ഒരു ഡിജിറ്റൽ മാഗസിൻ തയ്യാറാക്കുന്നു. ആധുനിക ലോകം സാങ്കേതിക വിദ്യയിൽ കാലൂന്നി നിൽക്കുമ്പോൾ ഓരോ ലിറ്റിൽ കൈറ്റ്സ് അംഗവും യോജിച്ചമേഖലയിൽ ആഭിമുഖ്യം ജനിപ്പിക്കുന്നതിനുള്ള കുട്ടികളുടെ സൃഷ്ടി പരമായ കഴിവുകൾ വികസിപ്പിക്കുന്നതിന് ഈ മാഗസിൻ സഹായകമാണ്.

ആശംസകളോടെ
ലിറ്റിൽ കൈറ്റ്സ് യൂണിറ്റ്

# കിച്ചുവിന്റെ സ്വപ്നം

ഒരിടത്ത് ഒരു കുട്ടിയുണ്ടായിരുന്നു. അവന്റെ പേര് കിച്ചു.അവന്റെ ഏറ്റവും വലിയ സ്വപ്നമായിരുന്നു അവന്റെ ഗ്രാമമായ തോട്ടുകരയിൽ എല്ലാ വർഷവും നടക്കുന്ന ഓട്ടമത്സരത്തിൽ വിജയിക്കണമെന്നുള്ളത്. കിച്ചു ഓട്ടമത്സരത്തിന് സന്തോഷത്തോടെ-യാണ് പോകുന്നതെങ്കിലും തിരിച്ചു-വിഷമത്തോടെയാണ് വരുന്നത്. അങ്ങനെ അവൻ തീരുമാനിച്ചു ഇനി ആ ഓട്ടമത്സരത്തിൽ അവൻ പങ്കെടുക്കുകയില്ല. കാരണം അവൻ ഇതുവരെ ഒരുഓട്ടമത്സരത്തിലും വിജയിച്ചിട്ടില്ല. ഇത് അവന്റെ മനസ്സി-ൽ നിരാശ ഉളവാക്കി.അപ്പോൾ അത് വഴി വന്ന ഒരു വൃദ്ധൻ കടന്നുപോഴി.അപ്പോൾ ആ വൃദ്ധൻ അവനോട് പറഞ്ഞു 'നീ ഒരിക്കലും ആ ഓട്ടമത്സരത്തിൽ നിന്ന് പിന്മാറരുത് നീ പരിശ്രമിക്കണം . പരിശ്രമിച്ചാൽ വിജയം നിശ്ചയമായും നിനക്കു തന്നെ.

വൃദ്ധന്റെ വാക്കുകൾ അവൻ ചെവികൊണ്ടു.
അടുത്ത ഓട്ടമത്സരത്തിൽ അവൻ വിജയിച്ചു.

ഗുണപാഠം:-പരാജയം വിജയത്തിന്റെ ചവിട്ടുപടിയാണ്.

ശ്രീഹരി.എച്ച്(8A)







# ഇളം പ്രകൃതി

ആകാശം എത്ര പ്രകാശമാനമാണ്!

മരങ്ങൾ എത്ര പച്ചയാണ്!

കടലിലെ തിരമാലകൾ

ഭൂമിയെ സ്പർശിക്കുന്നു

തണുത്ത കാറ്റ്

മരങ്ങളെ കുലുക്കുന്നു,

മരങ്ങളുടെ നിഴൽ

തിളങ്ങുന്ന ചൂടിൽ ഒരു തണുത്ത അനുഭവമാണ്

പ്രകൃതി എത്ര മനോഹരമാണ്

എത്ര മനോഹരം!

-ബിബിൻ ബിജു (8c)



# മഴ

മഴ വന്നാലെന്തുത്സാഹം
മഴ വന്നാലെന്താനന്ദം
നോവിൻ മറകൾ നീക്കീടും
ആനന്ദത്തിൻ പെരുമഴയിൽ
വരവേൽക്കാനായ് ഇടിമിന്നൽ
വരവും നോക്കി വൃക്ഷങ്ങൾ
മഴയുടെ വരവിൽ തുള്ളുന്നു

-ശ്രീഹരി(8A)

# പുലരി

ആകാശം നൽകും ആനന്ദമേ
അതിവിസ്മയമീ ഗഗനമേ
ഈ പ്രഭാതത്തിൽ ചിന്തിപ്പൂ
അനിശ്ചിതമാം വേനൽച്ചൂടിൽ
ഉണങ്ങി വരണ്ട ജലാശയത്തിൽ
ഞങ്ങൾക്ക് സന്തോഷമേകുമീ
കൊതിയൂറും മാമ്പഴം കഴിക്കുമാ
സുദിനങ്ങൾ.......

പ്രകൃതി സുന്ദരമാം നാടിനെ
പരിചരിക്കാം നാമോരുരുത്തരും
ദൈവത്തിൽ വകയാണെന്നോർത്ത്
കരുതാം ഈ നല്ല നാടിനെ .

– ഷൈബിൻ . ബി (9D)

# പരിസ്ഥിതി പ്രശ്നങ്ങളും പരിഹാരങ്ങളും

നമ്മുടെ പരിസ്ഥിതിയിൽ പ്രശ്നങ്ങൾ കൂടിവരുവാണല്ലോ.
ഇന്ന് നമ്മുക്ക് പരിസ്ഥിതി പ്രശ്നങ്ങ ളെക്കുറിച്ചും അതിന്റെ പരിഹാരങ്ങളെയും കുറിച്ചും നോക്കാം . പ്ലാസ്റ്റിക് പരിസ്ഥിതിയിലേക്ക് വലിച്ചെറിയുന്നതും വെള്ളം മലിനമാ-ക്കുന്നതുമെല്ലാം പരിസ്ഥിതിയിൽ വിവിധ തരം പ്രശ്നങ്ങളു-ണ്ടാക്കുന്നു . നമ്മുക്ക് ഒരോന്നായിട്ട് നോക്കാം . അതിന്റെ പരിഹാരങ്ങളും നോക്കാം .

പ്ലാസ്റ്റിക്ക് പരിസ്ഥിതിയിൽ ഉണ്ടാക്കുന്ന പ്രശ്നങ്ങൾ .
നമ്മൾ ഭക്ഷണം കഴിച്ച് അതിന്റെ മാലിന്യം അമ്പത് പൈസ കവറിലാക്കി പരിസ്ഥിതിയിലേക്ക് വലിച്ചെറിയുന്നത് നമ്മുടെ സമൂഹത്തിലെ ഭൂരിഭാഗം ആൾക്കാരും ചെയ്യുന്ന ഒരു കാര്യമാണ് . അതു കാരണം നമ്മുടെ പരിസ്ഥിതിയിൽ പല പ്രശ്നങ്ങളും ഉണ്ടാകുന്നു. ഇനി നമ്മുക്ക് ഇതിനുള്ള പരിഹാരം നോക്കാം. പ്ലാസ്റ്റിക്ക് പരമാവധി കുറയ്ക്കുക. പരിസ്ഥിതിയിലേക്ക് വലിച്ചെറിയാതിരിക്കുക. ഈ രണ്ട് കാര്യങ്ങൾ നമ്മൾ നിർബന്ധമായും ചെയ്താൽ പ്ലാസ്റ്റിക്ക് കൊണ്ട് പരിസ്ഥിതിയിൽ ഉണ്ടാകുന്ന പരമാവധി പ്രശ്-നങ്ങളും ഒഴിവാക്കാം

– അമൽ മാത്യു (9D)

# അടുത്തവരോട് അകലാൻ പറയുമ്പോൾ

വേദന പൂണ്ടു നിൽക്കുന്നു ഞാൻ

നിന്നെ കാണുമ്പോൾ

'എന്നിൽ നിന്ന് അകലൂ'-

പറയുമ്പോൾ ദുഃഖമുണ്ട് മിത്രമേ

ചിങ്ങമാസകാലത്തിൽ-

നിലാവുള്ള രാത്രിയിൽ ,

കണ്ണു ചിമ്മാതെ മിഴിനീർ പൊഴിക്കുന്നു-

ഞാൻ നീ അകലുന്നത് കാണുമ്പോൾ

മോഹമോടെ ഞാൻ കാത്തിരിക്കുന്നു

നിന്നെ വീണ്ടും ദർശിക്കാൻ .

പ്രിയമോടെ ഞാൻ നോക്കി നിൽക്കുന്നു

നീ വരുന്നതും കാൺമാൻ

വരണെ നീ എന്നെ തേടി

# അമ്മ

അറിവായിരുന്നു
എന്റെ മിഴികൾക്ക് തെളിച്ചമാണ്
കനിവിന്റെ ദീപനാളമാണെന്റെ അമ്മ
നേർവഴികാട്ടുന്ന കൂട്ടുകാരിയാണ് എന്നമ്മ
താലോലം പാടുന്ന പാട്ടുകാരിയാണ് എന്നമ്മ
ഈ പ്രപഞ്ചത്തിന്റെ ശക്തിയും വെളിച്ചവും എല്ലാം പകരുന്ന
സ്നേഹനിധിയായ ദൈവമാണെൻ അമ്മ

–ആദിത്യൻ.എ (8E)

# കുഞ്ഞി കോഴി

കുഞ്ഞികോഴി വരുന്നുണ്ടേ
കുലുങ്ങികുലുങ്ങി വരുന്നുണ്ടേ
തള്ളകോഴിയുമായി വരുന്നു
നിരനിരയായി നടന്നു വരുന്നു
കുഞ്ഞികോഴി കുഞ്ഞികോഴി
നിന്നെ കാണാൻ എന്തു രസം

–അമൽ. എം(9B)


# ലഹരിക്കകപ്പെട്ട കേരളം

ലഹരി മനുഷ്യനെ മൃഗത്തേക്കാൾ നീചനാകുന്നു. നമുക്ക് ശേഷം വരുന്ന പുതുതലമുറയെ കവർന്നു തിന്നാൻ ഒരു കൂട്ടം ചെന്നായകൾ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. നാം പോലുമറിയാതെ നമ്മെ മരണത്തിലേക്ക് നയിച്ചു-കൊണ്ടിരിക്കുകയാണ്. നമ്മുടെ വീടുകളിൽ പലപ്പോഴും നമ്മുടെ അമ്മമാർ വൈൻ ഉണ്ടാക്കാറുണ്ട്.പക്ഷെ അതിലും ആൽക്കഹോളുണ്ട്. കാരണം വൈനിന് ഫെർമെന്റേഷൻ സംഭവിച്ചാണ് ആൽക്കഹോൾ ഉണ്ടാകുന്നത്. ഇത് നാം കുടിക്കുകയും അത് നമ്മുടെ ആമാശയത്തിൽ ചെന്ന് രാസപ്രവർത്തനത്തിന് വിധേയമാവുകയും അവിടെ നിന്ന് തലച്ചോറിലേക്ക് സഞ്ചരിച്ച് സ്വബോധം നഷ്ടപ്പെടുന്നു .

ലഹരിയുടെ ഉപയോഗം നമുക്കും കുടുംബത്തിനും സമൂഹത്തിനും ബുദ്ധിമുട്ടുണ്ടാകുന്നു അങ്ങനെ ലഹരി എന്ന മഹാമാരി നമ്മുടെ ജീവിതത്തെ തന്നെ കവർന്നുതിന്നും.

– മുഹമ്മദ് ഹനാൻ.എച്ച് (9C)


STOP
Smoking Kill




Celebrating French culture, wine, and gastronomy
LE BON VIN
12-26 July 2025
2 PM onwards
The Cellar
2266 Taylor St, New York, NY


by Raihan Riyas
5B
Raihan Riyas

ലിറ്റിൽ സ്പാർക്ക്
എന്ന മാഗസിൻ
തയ്യാറാക്കാൻ
സഹായിച്ച
എല്ലാവർക്കും നന്ദി.